

# ഇസ്‌ലാമിന്റെ പ്രപഞ്ച വീക്ഷണം

ലേഖനം ● **സയ്യിദ് മുഹമ്മദ് നഖീബുൽ അത്താസ്**

**ഭൗതികലോകത്തെയും** അതിനകത്ത് മനുഷ്യൻ നടത്തുന്ന ചരിത്രപരവും രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ ഇടപെടലുകളെയും കേവലം ബുദ്ധികൊണ്ട് നോക്കിക്കാണുന്ന കാഴ്ചയല്ല ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ ലോക വീക്ഷണം. വർത്തമാനലോകത്ത് പ്രചാരത്തിലുള്ള 'നള്റത്തുൽ ഇസ്‌ലാമി ലിൽ കൗൻ' എന്ന പ്രയോഗമാവട്ടെ ഇസ്‌ലാമിന്റെ ലോകവീക്ഷണത്തെ പ്രകാശിപ്പിക്കാൻ ഒരു നിലക്കും പര്യാപ്തവുമല്ല. കാരണം 'നള്റത്ത്' എന്ന പദം പ്രതിനിധാനം ചെയ്യുന്നത് ദൃഷ്ടിഗോചരമായ വസ്തുക്കളുടെ ഇന്ദ്രിയാധിഷ്ഠിത അനുഭവങ്ങളിൽനിന്നും നിരീക്ഷണങ്ങളിൽനിന്നും രൂപപ്പെടുത്തിയെടുക്കുന്ന ദാർശനികാനുമാനങ്ങളെയാണ്. 'കൗൻ' എന്ന പദം വിവക്ഷിക്കുന്നതാവട്ടെ ഇന്ദ്രിയാധിഷ്ഠിതമായ സൃഷ്ടിജാലങ്ങളുടെ ലോകത്തെ മാത്രവുമാണ്. എന്നാൽ ഇസ്‌ലാമിന്റെ ലോകവീക്ഷണം അത്തരമൊരു ലോകത്തിലോ നോട്ടത്തിലോ ഒതുങ്ങുന്നതല്ല. അതുകൊണ്ടുതന്നെ വർത്തമാന മുസ്‌ലിം ചിന്താലോകത്ത് ഇത്തരം പദപ്രയോഗങ്ങൾക്ക് ഇന്നും പ്രചാരമുണ്ടെങ്കിൽ അതിനർഥം, ഇന്ദ്രിയാനുഭവങ്ങളുടെ ലോകത്തിൽ പരിമിതമായ ആധുനികരുടെ മതേതര ശാസ്ത്രീയ ലോകവീക്ഷണം അത്രമാത്രം നമ്മെ അധിനിവേശിച്ചിരിക്കുന്നുവെന്നാണ്.

സത്യത്തിൽ വിശുദ്ധം (sacred), അവിശുദ്ധം (profane) എന്നിങ്ങനെയുള്ള തരംതിരിവിനെത്തന്നെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. ഇഹലോകവും (ദുൻയാ) പരലോകവും (ആഖിറത്ത്) ഒരുപോലെ ചൂഴ്ന്നു നിൽക്കുന്നതാണ് ഇസ്‌ലാമിന്റെ ലോകവീക്ഷണം. അതിൽ ആഖിറ തലത്തോട് അടർത്തി മാറ്റാനാവാത്തവിധം ചേർക്കപ്പെട്ടതാണ് ദുൻയാ തലം. ആഖിറത്തിനാണ് പരമമായ പ്രാധാന്യം. ആഖിറത്തിലേക്കുള്ള തയാറെടുപ്പ് മാത്രമാണ് ദുനിയാവ്. സകല ഇസ്‌ലാമിക ആവിഷ്കാരങ്ങളും പരമമായി കേന്ദ്രീകരിച്ചിരിക്കുന്നത് ആഖിറ തലത്തിലാണ്. പക്ഷേ, ദുനിയാ തലത്തോട് അവഗണനയോ നിസ്സംഗതയോ പുലർത്തുക എന്ന് അതിനർഥമില്ല.

യാഥാർഥ്യത്തെ കുറിക്കാൻ 'വാഖിഅഃ' എന്ന പദമാണ് അറബി നിഘണ്ടുക്കളിൽ സാധാരണയായി ഉപയോഗിച്ചുവരുന്നത്. സത്യത്തിൽ 'വാഖിഅഃ' അല്ല, 'ഹഖീഖഃ'യാണ് യാഥാർഥ്യം. പക്ഷേ

വാഖിഅഃ എന്ന പദപ്രയോഗത്തിന്റെ അതിപ്രസരം കാരണം 'ഹഖീഖഃ' എന്ന പ്രയോഗം തന്നെ
ഏറെക്കുറെ അപ്രത്യക്ഷമായിരിക്കുന്നു. വാഖിഅഃ സത്യത്തിൽ വസ്തുതാപരമായ സംഭവങ്ങളെ
മാത്രമേ പ്രതിനിധീകരിക്കുന്നുള്ളൂ. എന്നാൽ ഹഖീഖഃയുടെ ചക്രവാളമാവട്ടെ യാഥാർഥ്യത്തിന്റെ
സകല തലങ്ങളെയും ഉൾക്കൊള്ളുന്നതാണ്. അതിന്റെ വിഭിന്ന തലങ്ങളിൽ ഒന്നു മാത്രമാണ് വാഖി
അഃ. മാത്രമല്ല വസ്തുതാപരമായ സംഭവങ്ങൾ (വാഖിഅഃ) തെറ്റായ കാര്യങ്ങളുടെ സാക്ഷാത്കാര
വുമാവാം. എന്നാൽ ഹഖീഖഃയാവട്ടെ എപ്പോഴും സത്യത്തിന്റെ (ഹഖ്) മാത്രം സാക്ഷാത്കാരമാ
ണ്. ഈ അർഥത്തിൽ ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ പ്രപഞ്ച വീക്ഷണമെന്നാൽ നമ്മുടെ അകക്ക
ണ്ണിനു മുന്നിൽ പ്രത്യക്ഷമാവുന്ന സത്യ-യാഥാർഥ്യങ്ങളുടെ കാഴ്ചയാണ്. അഥവാ അസ്തിത്വലോ
കത്തെ അതിന്റെ പരിപൂർണതയിലാണ് ഇസ്‌ലാം പരിഗണിക്കുന്നത്. അതിനാൽ ഇസ്‌ലാമിൽ പ്രപ
ഞ്ച വീക്ഷണമെന്നാൽ 'റുഅ്‌യത്തുൽ ഇസ്‌ലാം ലിൽ വുജൂദ്' ആകുന്നു.

യാഥാർഥ്യങ്ങൾ സംബന്ധിച്ച ഇസ്‌ലാമിക ദർശനം വാസ്തവത്തിൽ ദൃശ്യലോകങ്ങളുടെയും
അതീന്ദ്രിയ ലോകങ്ങളുടെയും ഒരു ആധ്യാത്മിക നിരീക്ഷണമാണ്. വിഭിന്നമായ മൂല്യങ്ങളുടെയും
പ്രതിഭാസങ്ങളുടെയും സാംസ്കാരിക ലക്ഷ്യങ്ങളുടെയും കൃത്രിമമായ സംയോജനത്തിലൂടെ രൂപ
പ്പെടുത്തിയെടുക്കുന്ന ഒന്നല്ല പ്രസ്തുത ദർശനം. ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെയും തത്ത്വശാ
സ്ത്ര അനുമാനങ്ങളുടെയും ചരിത്രപരവും വികസനാത്മകവുമായ പ്രക്രിയകളിലൂടെ ക്രമപ്രവൃദ്ധ
മായി രൂപപ്പെടുത്തിയെടുക്കുന്നതോ ചുറ്റുപാടുകളും മാനദണ്ഡങ്ങളും മാറുന്നതിനനുസരിച്ച് മാറു
ന്നതോ അല്ല അത്. തീസിസിൽ നിന്ന് ആന്റിതീസിസിലേക്ക് തുടർന്ന് സിൻതസിസിലേക്ക് എന്നി
ങ്ങനെ വൈരുധ്യാത്മക പരിണാമ പ്രക്രിയക്ക് വിധേയമാവുന്ന ഒരു ലോക വീക്ഷണമായും അതിനെ
കാണാനാവില്ല. വൈരുധ്യാത്മക പരിണാമ പ്രക്രിയയിൽ ഓരോ ഘട്ടത്തിലെയും ഘടകങ്ങൾ തൊട്ട
ടുത്ത ഘട്ടത്തിലേക്ക് സ്വാംശീകരിക്കപ്പെടുന്നുണ്ട്. എത്രത്തോളമെന്നാൽ കൃത്യമായും ദൈവകേ
ന്ദ്രീകൃതമായൊരു ചിന്താവ്യവസ്ഥയെ അടിസ്ഥാനമാക്കിയിരിക്കുന്നൊരു ലോകവീക്ഷണം ക്രമേണ
ദൈവ-ലോക കേന്ദ്രീകൃതമാവുകയും തുടർന്ന് ഇന്നു കാണുംപോലെ കേവലം ലോക കേന്ദ്രീ
കൃതം മാത്രമാവുകയും ചെയ്യുന്നു. ഇനിയും ഈ വൈരുധ്യാത്മക പ്രക്രിയയിൽ മറ്റൊരു പുതിയ
തീസിസ് ആയി അത് പരിണമിച്ചേക്കാം. ഇത്തരം ലോകവീക്ഷണങ്ങൾ യുഗാന്തരങ്ങളിൽ അധീ
ശത്വം പുലർത്തുന്ന ചിന്താവ്യവസ്ഥകൾക്കനുസൃതമായി പരിണാമവിധേയമായിക്കൊണ്ടിരിക്കുമെന്നു
ചുരുക്കം. പടിഞ്ഞാറിന്റെ മത സാംസ്കാരിക ധൈഷണിക പാരമ്പര്യത്തിൽ നിരന്തരം സംഭവിച്ചു
കൊണ്ടിരിക്കുന്നതും അതുതന്നെയാണ്.

എന്നാൽ ഇസ്‌ലാമിന്റെ മത-സാംസ്കാരിക ധൈഷണിക പാരമ്പര്യത്തിൽ ഭൗതികവാദ
ത്തെയോ ഐഡിയലിസത്തെയോ അടിസ്ഥാനമാക്കിയുള്ള ചിന്താവ്യവസ്ഥയിലൂന്നുന്നതോ റേഷ
നലിസം, റിയലിസം, പോസിറ്റീവിസം, പ്രാഗ്മാറ്റിസം തുടങ്ങിയ രീതിശാസ്ത്ര സമീപനങ്ങളിലേ
തെങ്കിലുമൊന്നിന്റെ അധീശത്വം നിലനിന്നിരുന്നതോ ആയ സവിശേഷ കാലഘട്ടങ്ങൾ കണ്ടെത്താ
നാവില്ല. ഇസ്‌ലാമിക ചിന്താവ്യവസ്ഥയെ പ്രതിനിധാനം ചെയ്തിരുന്ന ദൈവശാസ്ത്രജ്ഞരും ദാർശ
നികരുമെല്ലാം, ഏതെങ്കിലും ഒരൊറ്റ രീതിയിൽ ഒതുങ്ങിക്കൂടാതെ സ്വന്തം അന്വേഷണ-ഗവേഷണ
ങ്ങളിൽ- വിവിധ രീതികൾ അവലംബിക്കുകയാണ് ചെയ്തത്. അഥവാ ഒരേസമയം തന്നെ അനുഭ
വാധിഷ്ഠിതവും യുക്തിചിന്താപരവും അനുമാനാധിഷ്ഠിതവും പ്രമാണാധിഷ്ഠിതവുമായ വിഭിന്ന
രീതികളെ സ്വന്തം അന്വേഷണങ്ങളിൽ അവർ സമന്വയിപ്പിച്ചു. ആത്മനിഷ്ഠവും വസ്തുനിഷ്ഠവു
മായ തലങ്ങൾ തമ്മിൽ വിഭജനവും അവർ കൽപിച്ചില്ല. ഈ അർഥത്തിൽ ജ്ഞാനത്തിന്റെ ഏക
ദൈവത്വരീതിയായിരുന്നു അവരെല്ലാവരും അനുവർത്തിച്ചിരുന്നതെന്നു പറയാം.

അതുപോലെ ക്ലാസ്സിക്കലെന്നോ മിഡീവലെന്നോ ആധുനികമെന്നോ ഉത്തരാധുനികമെന്നോ
വേർതിരിക്കാവുന്ന യുഗങ്ങളും ഇസ്‌ലാമിക ചരിത്രത്തിൽ കണ്ടെത്താനാവില്ല. മധ്യ-ആധുനിക കാല
ഘട്ടങ്ങൾക്കിടക്ക് ഒരു നവോത്ഥാന ഘട്ടവും കാണാനാവില്ല. ലോക വീക്ഷണത്തിന്റെയും മൂല്യവ്യ
വസ്ഥയുടെയും മൗലിക ഘടകങ്ങളിലെല്ലാം മാറ്റങ്ങൾ ഉണ്ടാകുംവിധം ചിന്താവ്യവസ്ഥയിൽ മാറ്റ
ങ്ങൾ അനിവാര്യമാണ് എന്ന വാദത്തിന്റെ വക്താക്കൾ ഒരു പക്ഷേ എല്ലാവിധ സംസ്കാരങ്ങളും
അത്തരം മാറ്റങ്ങൾക്ക് (shifts) വിധേയപ്പെടേണ്ടതുണ്ടെന്നും അതല്ലാത്തപക്ഷം മാറിവരുന്ന ചുറ്റുപാ
ടുകളോട് സംവദിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ അവ ക്രിയാത്മകമല്ലാതാവുകയും ചേതനയറ്റു
പോവുകയും ചെയ്യുമെന്നും വാദിച്ചേക്കാം. അതതുകാലത്തെ ശാസ്ത്രങ്ങളുടെ പിന്തുണയോടെ,
നിലവിലെ സാംസ്കാരിക-ദാർശനിക ഘടകങ്ങളിൽനിന്ന് ചിന്താ-മൂല്യവ്യവസ്ഥകൾ രൂപപ്പെടുത്തി

യെടുക്കുന്ന നാഗരികതകളുടെ കാര്യത്തിൽ അതു ശരിയായിരിക്കാം. പക്ഷേ, ഇസ്‌ലാം കേവലം ഒരു നാഗരികതയോ സംസ്കാരമോ അല്ല. അതിന്റെ മൂല്യവ്യവസ്ഥയും ചിന്താരീതിയും ദർശനങ്ങളും അതതു കാലങ്ങളിലെ സാംസ്കാരിക-ദാർശനിക ഘടകങ്ങളിൽനിന്നും കടംകൊള്ളുന്നവയുമല്ല. മറിച്ച് വെളിപാടാണ് അതിന്റെ പ്രഭവകേന്ദ്രം. ജന്മം മുതലേ പരിപൂർണമാകയാൽ ഇസ്‌ലാമിന് അത് നിലനിന്നിരുന്ന സ്ഥലത്തേയോ വികസന പ്രക്രിയയിൽ അത് വഹിച്ച പങ്കിനെയോ ആധാരമാക്കിയുള്ള ചരിത്രപരമായ വിശദീകരണങ്ങളോ മൂല്യനിർണയമോ ആവശ്യമില്ല. ഇസ്‌ലാമിന്റെ നാമം മുതൽ വിശ്വാസ സംഹിതകളും ആചാരാനുഷ്ഠാനങ്ങളുമടക്കം മതത്തിന്റേതായ സകല മൗലിക ഘടകങ്ങളും വെളിപാടിലൂടെ നൽകപ്പെട്ടതും പ്രവാചകൻ(സ) സ്വന്തം വാക്കുകളിലൂടെയും കർമമാതൃകകളിലൂടെയും വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്തതുമാണ്. അതല്ലാതെ ഹിസ്റ്റോറിസിസത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചുപോകാൻ വിധിക്കപ്പെട്ട സാംസ്കാരിക പാരമ്പര്യങ്ങളിൽനിന്ന് ഉരുവംകൊണ്ടതല്ല. അവതീർണമായ സമയം മുതൽക്കേ ഇസ്‌ലാം അതിന്റെ അസ്തിത്വം സംബന്ധിച്ച് പൂർണ ബോധ്യത്തിലായിരുന്നു. ഇനിയൊരു വികാസം ആവശ്യമില്ലാത്തവിധം പരിപക്വമായാണ് അത് ചരിത്രത്തിൽ രംഗപ്രവേശനം ചെയ്തത്. അതിനെകുറിച്ച ആത്മജ്ഞാനം ദിവ്യവെളിപാടിൽനിന്നാണ് ലഭിക്കുന്നത്, ചരിത്രത്തിൽ നിന്നല്ല. മനുഷ്യവംശത്തിന്റെ മതകീയ പാരമ്പര്യത്തിലുണ്ടായ കൊട്ടിഘോഷിക്കപ്പെടുന്ന വികാസം ഇസ്‌ലാമിനു ബാധകമല്ല. ഇസ്‌ലാമിന്റെ കാര്യത്തിൽ വികാസപ്രക്രിയ എന്നു പറയുമ്പോൾ വിവക്ഷ, അതിന്റെ ശാശ്വതമായ ഉറവിടങ്ങളിലൂന്നിക്കൊണ്ട് വിശ്വാസികളുടെ വിഭിന്ന തലമുറകൾ നടത്തുന്ന വ്യാഖ്യാന വികാസ ദൗത്യങ്ങൾ മാത്രമാണ്.

ചുരുക്കത്തിൽ ജീവിതത്തെയും അസ്തിത്വത്തെയും പരിപൂർണമായി ചൂഴ്ന്നു നിൽക്കുന്നതാണ് ഇസ്‌ലാമിന്റെ പരിപ്രേക്ഷ്യം. സ്രഷ്ടാവ്, ദിവ്യവെളിപാട് (ഖുർആൻ), സൃഷ്ടിപ്പ്, മനുഷ്യാത്മാവ്, ജ്ഞാനം, മതം, സ്വാതന്ത്ര്യം, മൂല്യങ്ങൾ, സന്തോഷം, നന്മ തിന്മകൾ തുടങ്ങി അതിന്റെ മൗലിക ഘടകങ്ങൾ സംബന്ധിച്ച വീക്ഷണങ്ങളെല്ലാം സുസ്ഥാപിതമാണ്. പരിവർത്തനം, പുരോഗതി, വികസനം തുടങ്ങിയവ സംബന്ധിച്ച ഇസ്‌ലാമിന്റെ ആശയങ്ങളെല്ലാം വികസിക്കുന്നത് പ്രസ്തുത വീക്ഷണങ്ങളെ അടിസ്ഥാനമാക്കിയുമാണ്. നമ്മുടെ പ്രപഞ്ച വീക്ഷണത്തിന്റെ ആണിക്കല്ലായി നിൽക്കുന്ന ഈ മൗലിക ഘടകങ്ങൾക്കു നേരെ തന്നെയാണ് ആധുനികത വെല്ലുവിളിയുയർത്തുന്നത്. ചരിത്രത്തിന്റെ ഗർഭപാത്രത്തിൽനിന്ന് ആധുനികതക്ക് ജന്മം നൽകിയതിന്റെ പിതൃത്വമാവട്ടെ മതേതരവത്കരണ ശക്തികൾക്കുമാണ്. പക്ഷേ, ആധുനികതയാവട്ടെ ഉത്തരാധുനികതയാവട്ടെ അവക്കൊന്നും പ്രപഞ്ചവീക്ഷണമെന്നു പറയാൻ മാത്രം സമഗ്രമായൊരു കാഴ്ചപ്പാട് സ്വന്തമായിട്ടില്ല എന്നതാണ് വസ്തുത. സമഗ്രമായൊരു സത്തമീമാംസാ വ്യവസ്ഥയെ (Ontological System) നിരാകരിക്കുന്ന പ്രത്യയശാസ്ത്രങ്ങൾക്കൊന്നും അത്തരമൊരു പ്രപഞ്ചവീക്ഷണമുണ്ടാവുക സാധ്യവുമല്ല. ■

(സയ്യിദ് നഖീബുൽ അത്താസിന്റെ An Introduction to Islamic philosophy എന്ന ഗ്രന്ഥത്തിന്റെ ആദ്യഭാഗം)

**വിവ: വി. ബഷീർ പടിഞ്ഞാറ്റുംമുറി**



**സയ്യിദ് മുഹമ്മദ് നഖീബുൽ അത്താസ്**

മലേഷ്യക്കാരനായ പ്രമുഖ ഇസ്‌ലാമിക ചിന്തകൻ. 1931 സെപ്റ്റംബർ 5-ന് ജനനം. പരമ്പരാഗത ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ ആഴത്തിൽ അറിവുള്ള അത്താസ് തത്ത്വശാസ്ത്രം, ചരിത്രം, സാഹിത്യം, മതമീമാംസ തുടങ്ങിയ നിരവധി പഠനശാഖകളിലും അവഗാഹം നേടിയിട്ടുണ്ട്. 'വിജ്ഞാനത്തിന്റെ ഇസ്‌ലാമികവത്കരണം' എന്ന ആശയം ആദ്യമായി മുന്നോട്ടുവെച്ചത് ഇദ്ദേഹമാണ്. തത്ത്വശാസ്ത്രം, സൂഫിസം, മലയ്ഭാഷയും സാഹിത്യവും തുടങ്ങിയ വിഷയങ്ങളിലായി ഇരുപത്തി ഏഴോളം ആധികാരിക കൃതികൾ.